3632
3/3/21

കേരള സർക്കാർ

**സംഗ്രഹം**

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി - പ്രളയക്കെടുതിയിൽ ആലപ്പുഴ ജില്ലയിലെ ചെങ്ങന്നൂർ താലൂക്കിലെ വീടുകൾക്കുണ്ടായ ഭാഗിക നാശനഷ്ടം പരിഹരിക്കുന്നതിന് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും അധിക ധനസഹായം അനുവദിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

## റവന്യൂ (ഡി.ആർ.എഫ്. -സി) വകുപ്പ്

സ.ഉ. (സാധാ) നം. **762/2021/റവ.** തിരുവനന്തപുരം, തീയതി, 16.02.2021.

---

പരാമർശം:-
1. സ.ഉ. (കൈ) നം. 24/2018/ദു.നി.വ., തീയതി, 26.10.2018.
2. സ.ഉ. (കൈ) നം. 5058/2018/റവ, തീയതി, 08.12.2018.
3. സ.ഉ. (കൈ) നം. 134/2019/റവ., തീയതി, 14.01.2019.
4. സ.ഉ. (സാധാ) നം. 2020/2019/റവ., തീയതി, 25.07.2019.
5. സ.ഉ. (സാധാ) നം. 2061/2019/റവ., തീയതി, 27.07.2019.
6. സ.ഉ. (സാധാ) നം. 3664/2019/റവ., തീയതി, 06.12.2019.
7. സ.ഉ. (സാധാ) നം. 715/2020/റവ., തീയതി, 19.02.2020.
8. സ.ഉ. (സാധാ) നം. 2391/2020/റവ., തീയതി, 14.07.2020.
9. സ.ഉ. (സാധാ) നം. 2516/2020/റവ, തീയതി, 05.08.2020.
10. സ.ഉ. (സാധാ) നം. 24744/2020/റവ., തീയതി, 26.08.2020.
11. ആലപ്പുഴ ജില്ലാ കളക്ടറുടെ 24.091.2020, 28.01.2021 എന്നീ തീയതികളിലെ എൻ1 - 133/2019 നമ്പർ കത്ത്.

**ഉത്തരവ്**

പ്രളയക്കെടുതിയിൽ ആലപ്പുഴ ജില്ലയിലെ വീടുകൾക്കുണ്ടായ നാശനഷ്ടം പരിഹരിക്കുന്നതിന് സംസ്ഥാന ദുരന്തപ്രതികരണ നിധിയിൽ നിന്നും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ധനസഹായം അനുവദിക്കുന്നതിന് പരാമർശം (1) പ്രകാരം അനുമതി നൽകി ഉത്തരവായി. പ്രളയക്കെടുതിയിൽ ആലപ്പുഴ ജില്ലയിലെ വീടുകൾക്കുണ്ടായ നാശനഷ്ടം 253.10 കോടി രൂപയായി സംസ്ഥാന ദുരന്തനിവാരണ അതോറിറ്റി തിട്ടപ്പെടുത്തിയതിന്റെ അടിസ്ഥാനത്തിൽ പരാമർശം (2) പ്രകാരം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും 126,55,00,000/- രൂപയും പരാമർശം (3) പ്രകാരം 125,45,92,800/- രൂപയും അനുവദിച്ച് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. അതിനുശേഷം ലഭിച്ച അപ്പീൽ അപേക്ഷകൾ തീർപ്പാക്കുന്നതിനായി പരാമർശം (4) പ്രകാരം 100,00,00,000/- രൂപയും പരാമർശം (5) പ്രകാരം 83,00,00,000/- രൂപയും പരാമർശം (6) പ്രകാരം 13,22,74,350/- രൂപയും പരാമർശം (7) പ്രകാരം 27,04,16,700/- രൂപയും പരാമർശം (8) പ്രകാരം 5,61,31,350/- രൂപയും പരാമർശം (9) പ്രകാരം 9,22,300/- രൂപയും പരാമർശം (10) പ്രകാരം 29,56,67,400/- രൂപയും അനുവദിച്ച് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

2. ചെങ്ങന്നൂർ തഹസിൽദാരിൽ നിന്നും ലഭിച്ച റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ചെങ്ങന്നൂർ താലൂക്കിൽ പ്രളയത്തിൽ ഭാഗിക നാശനഷ്ടം സംഭവിച്ച കുടുംബങ്ങൾക്ക് നൽകേണ്ട 12,41,000/- രൂപ (പന്ത്രണ്ട് ലക്ഷത്തി നാൽപ്പത്തൊന്നായിരം രൂപ മാത്രം) ചെങ്ങന്നൂർ താലൂക്കിന് വിതരണത്തിനാവശ്യമുള്ളതാണെന്നും ആയത് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും അടിയന്തിരമായി അനുവദിക്കണമെന്നും ആലപ്പുഴ ജില്ലാകളക്ടർ പരാമർശം (11) പ്രകാരം അഭ്യർത്ഥിച്ചു.

3. ചെങ്ങന്നൂർ താലൂക്കിന് അനുവദിക്കേണ്ട തുക സംബന്ധിച്ച വിവരങ്ങൾ ആലപ്പുഴ ജില്ലാകളക്ടർ താഴെപ്പറയും പ്രകാരം ലഭ്യമാക്കുകയുണ്ടായി.

| താലൂക്ക് | നഷ്ടശതമാനം | വീടുകളുടെ എണ്ണം | CMDRF-ൽ നിന്നുള്ള ധനസഹായം (രൂപയിൽ) | ആകെ |
|---|---|---|---|---|
| | 15.00% | 12 | 12x24,800 = 57.600 | |
| | 16-29% | 5 | 5x31,500= 1,57,500 | |
| | 30-59% | 1 | 1x77,500= 77,500 | 12,41,000/- |
| ചെങ്ങന്നൂർ | 60-74% | 5 | 5x1,79,,000=8,95,000 | |
| | 16-29% downgrade | 2 | 2x26,700=53,400 | |
| | ആകെ | | 12,41,000/- | 12,41,000/- |

4. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം (2), (3), (4), (5) (6), (7), (8), (9), (10) ഉത്തരവുകൾ പ്രകാരം അനുവദിച്ച ധനസഹായത്തിനു പുറമേ ചെങ്ങന്നൂർ താലൂക്കിലെ ഭാഗികമായി തകർന്ന വീടുകളുടെ നാശനഷ്ടം പരിഹരിക്കുന്നതിന് ചെങ്ങന്നൂർ താലൂക്കിൽ 12,41,000/- രൂപ (പന്ത്രണ്ട് ലക്ഷത്തി നാൽപ്പത്തൊന്നായിരം രൂപ മാത്രം) കൂടി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും അനുവദിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

5. വിതരണത്തിനാവശ്യമായി വരുന്ന 12,41,000/- രൂപ (പന്ത്രണ്ട് ലക്ഷത്തി നാൽപ്പത്തൊന്നായിരം രൂപ മാത്രം) ***"2075-00-800-40 Contribution to Chief Minister's Distress Relief Fund(NP)"*** എന്ന ശീർഷകത്തിൽ നിന്നും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയുടെ ഖജാൻജിയായ ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേരിലുള്ള T.P. 80 അക്കൗണ്ടിൽ നിന്നും തുക ആലപ്പുഴ ജില്ലാ കളക്ടർക്ക് അനുവദിക്കേണ്ടതും ജില്ലാ കളക്ടർ തുക വിതരണം ചെയ്യുന്നതിനാവശ്യമായ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതുമാണ്. തുക വിതരണം ചെയ്യുന്നതിനു ഗുണഭോക്താക്കളിൽ ആർക്കെങ്കിലും ഇതിനകം ഇതേ ആവശ്യത്തിനായി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും തുക ലഭിച്ചിട്ടില്ലായെന്ന് ജില്ലാകളക്ടർ ഉറപ്പ് വരുത്തേണ്ടതും അപ്രകാരം ആർക്കെങ്കിലും

തുക ഇതിനകം ലഭിച്ചിട്ടുണ്ടെങ്കിൽ ഇപ്പോൾ അനുവദിച്ച തുക ടിയാന് വിതരണം ചെയ്യാൻ പാടില്ലാത്തതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

സന്തോഷ് കുമാർ. ടി.കെ.,
ജോയിന്റ് സെക്രട്ടറി.

ജില്ലാ കളക്ടർ, ആലപ്പുഴ
കമ്മീഷണർ, ലാന്റ് റവന്യൂ, തിരുവനന്തപുരം
മെമ്പർ സെക്രട്ടറി, സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി, ഒബ്സർവേറ്ററി ഹിൽസ്,
വികാസ് ഭവൻ, തിരുവനന്തപുരം.
ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി (മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി ഖജാൻജി)
ജില്ലാ ട്രഷറി ഓഫീസർ, ആലപ്പുഴ (ട്രഷറി ഡയറക്ടർ, തിരുവനന്തപുരം മുഖാന്തിരം)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ & ഇ), കേരള, തിരുവനന്തപുരം.
വിവര പൊതുജന സമ്പർക്ക (വെബ് / ന്യൂ മീഡിയ) വകുപ്പ്.
ധനകാര്യ (ഫണ്ട്സ്) വകുപ്പ്
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

Bindumol K N

സെക്ഷൻ ഓഫീസർ.